**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2205** **06-07-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡിലെ വിവരങ്ങൾ മാറ്റം വരുത്തുവാനുള്ള നടപടി ക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡിലെ പേര് നീക്കം ചെയ്യുന്നതുൾപ്പെടെ കാർഡിലെ വിവരങ്ങൾ മാറ്റം വരുത്തുവാനുള്ള നടപടി ക്രമങ്ങൾ കൂടുതൽ ലളിതമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്. റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നതിനു പകരമായി തിരുത്തലിനുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ സിറ്റിസൺ ലോഗിൻ വഴിയോ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപ്രൂവ് ചെയ്യുന്ന മുറയ്ക്ക് അക്ഷയ കേന്ദ്രങ്ങൾ / സിറ്റിസൺ ലോഗിൻ മുഖേന, തിരുത്തൽ വരുത്തിയ കാർഡ്, ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് ഉപയോഗിക്കാവുന്ന വിധത്തിലും നടപടികൾ ലഘൂകരിച്ചിട്ടുണ്ട്.<br><br>കൂടാതെ, റേഷൻ കാർഡിലെ പിശകുകൾ തിരുത്തുന്നതിനുള്ള 'തെളിമ' പദ്ധതി 2021 നവംബർ 15 മുതൽ ഡിസംബർ 15 വരെ നടത്തുകയുണ്ടായി. എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ ഈ പദ്ധതി നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ